തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട് പി.ഒ., തിരൂർ, മലപ്പുറം - 676 502

## സംഗ്രഹം

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല - വൈസ് ചാൻസലറുടെ കാര്യാലയം - സാഹിത്യം, ആർട്സ്, പൈതൃകപഠനം - എന്നീ ഫാക്കൽറ്റികളുടെ ഉപദേശകസമിതികളിലെ ചെയർമാൻമാർ - പൊതുസഭയിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## വൈസ് ചാൻസലറുടെ കാര്യാലയം

**നമ്പർ : 50/2015/വി.സി.(1)** **തീയതി: 19.12.19, തിരൂർ**

---

പരാമർശം :- 1. കത്ത് നമ്പർ ജിഎസ്5-1501/2018 തീയതി 13.12.2019
2. സ.ഉ. നമ്പർ 01/2018/വി.സി. തീയതി 18.12.19

## ഉത്തരവ്

തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല നിയമം 2013 അദ്ധ്യായം III, 9-ാം വകുപ്പിലെ ഉപവകുപ്പ് (എ) (xix), (xx), (xxi), (xxii), (xxiii) എന്നിവ പ്രകാരം ഭാഷാപഠനം, സാഹിത്യം, ആർട്സ്, പൈതൃകപഠനം, പാരമ്പര്യവിജ്ഞാനസമ്പ്രദായം എന്നീ ഫാക്കൽറ്റി ഉപദേശകസമിതികളുടെ ചെയർമാൻമാർ പൊതുസഭയിലെ അംഗങ്ങളായിരിക്കും.

പരാമർശം (1) പ്രകാരം സാഹിത്യം, ആർട്സ്, പൈതൃകപഠനം എന്നീ ഫാക്കൽറ്റികളുടെ ഉപദേശകസമിതികൾ രൂപീകരിച്ചുകൊണ്ട് ബഹു. ചാൻസലർ ഉത്തരവായി. പരാമർശം (2) പ്രകാരം സാഹിത്യം, ആർട്സ്, പൈതൃകപഠനം എന്നീ ഫാക്കൽറ്റികളുടെ ഉപദേശകസമിതികൾ രൂപീകരിക്കുവാനുള്ള ബഹു. ചാൻസലറുടെ അനുമതി സർവകലാശാലയിൽ നടപ്പാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു.

മേൽപ്രകാരം തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല നിയമം 2013 അദ്ധ്യായം III, 9-ാം വകുപ്പിലെ ഉപവകുപ്പ് (എ), (xx), (xxi), (xxii) എന്നിവ പ്രകാരം താഴെ പറയുന്ന ഫാക്കൽറ്റികളുടെ ഉപദേശകസമിതി ചെയർമാൻമാരെ മലയാളസർവകലാശാലയുടെ പൊതുസഭയിലെ എക്സ് ഒഫിഷ്യോ അംഗങ്ങളായി ഉൾപ്പെടുത്താൻ ബഹു. വൈസ് ചാൻസലർ അനുമതി നൽകുകയുണ്ടായി.

1. സാഹിത്യ ഉപദേശകസമിതി ചെയർമാൻ
   **ഡോ. സി. രാജേന്ദ്രൻ**, 28/1097, ടി.പി. കുമാരൻ നായർ റോഡ്,
   ചേവായൂർ, കോഴിക്കോട് - 673 017
2. ആർട്സ് ഫാക്കൽറ്റി ഉപദേശകസമിതി ചെയർമാൻ
   **ശ്രീ കലാമണ്ഡലം പ്രഭാകരൻ**, സംഘടികം, എളമക്കര പി.ഒ., കൊച്ചി - 682 026
3. പൈതൃകപഠനം ഫാക്കൽറ്റി ഉപദേശകസമിതി ചെയർമാൻ
   **ഡോ. കെ.കെ.എൻ. കുറുപ്പ്**, 57, പൊറ്റക്കാട്, പുതിയറ, കോഴിക്കോട് - 673 004

മുകളിൽപറഞ്ഞിരിക്കുന്ന ഫാക്കൽറ്റി ഉപദേശകസമിതി ചെയർമാൻമാരെ തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലാ പൊതുസഭയിലെ അംഗങ്ങളായി ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. ചട്ടപ്രകാരമുള്ള യാത്രാപ്പടിയ്ക്കും ബത്തകൾക്കും ടി അംഗങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

രജിസ്ട്രാർ ഇൻ ചാർജ്

എല്ലാ അംഗങ്ങൾക്കും
ബഹു. ചാൻസലറുടെ പ്രിൻസിപ്പൽ സെക്രട്ടറി (ആമുഖകത്ത് സഹിതം)
വൈസ് ചാൻസലറുടെ കാര്യാലയം
ഫിനാൻസ് ഓഫീസർ ഇൻ ചാർജ്
പരീക്ഷാ കൺട്രോളർ ഇൻ ചാർജ്
പി.ആർ.ഒ./ഓഫീസ് രേഖ/കരുതൽരേഖ/വെബ്സൈറ്റ്